**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4649** **19-03-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | അട്ടപ്പാടി ജലസേചന പദ്ധതിയുടെ (AIP) ഭാഗമായുള്ള ഡാം പണിയുന്നതിന് മുന്നോടിയായി Environmental clearance, Forest clearance, wild life clearance തുടങ്ങിയ നിയമാനുസൃതമായ അനുമതികൾ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ (MoEF & CC) നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ആയതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അട്ടപ്പാടി ജലസേചന പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR), കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, കാവേരി വിധി നടപ്പിലാക്കുവാൻ നിയോഗിച്ചിട്ടുള്ള "കാവേരി വാട്ടർ മാനേജ്മെന്റ് അതോറിറ്റി (CWMA)" യുടെ പദ്ധതിയിന്മേലുള്ള അഭിപ്രായം ആവശ്യമാണെന്ന് കേന്ദ്ര ജല കമ്മീഷൻ (CWC) അറിയിക്കുകയുണ്ടായി.<br><br>ഇതിനെ തുടർന്ന്, വിശദമായ പദ്ധതി രേഖ (DPR), കാവേരി വാട്ടർ മാനേജ്മെന്റ് അതോറിറ്റി (CWMA) -യ്ക്ക് സമർപ്പിക്കുകയും, കേരള സർക്കാർ ആവശ്യപ്പെട്ട പ്രകാരം 04/04/2024 തീയതിയിലെ 29-ാം CWMA യുടെ യോഗത്തിൽ, "അട്ടപ്പാടി പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) - മേലുള്ള ചർച്ച" അജണ്ടയായി ഉൾപ്പെടുത്തുകയുമുണ്ടായി.<br><br>CWMA - യിലെ മറ്റ് പ്രതിനിധികളായ, തമിഴ്നാടിന്റെയും കർണാടകയുടെയും പുതിയ പദ്ധതികളിന്മേൽ CWMA സ്വീകരിച്ച തീരുമാനങ്ങൾ പോലെ തന്നെ, അട്ടപ്പാടി ജലസേചന പദ്ധതിയുടെ DPR ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി കേരളത്തിന് തിരികെ നൽകുവാൻ CWMA പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഈ വിവരങ്ങൾ കാണിച്ചു കൊണ്ട്, അനന്തര നടപടികൾക്കായി കേരളം CWC യെ സമീപിക്കുകയുണ്ടായി.<br><br>എന്നാൽ, 29-ാം CWMA - യുടെ യോഗത്തിന് ശേഷം, തമിഴ്നാട് സർക്കാർ 24/04/2024-ന്, അട്ടപ്പാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട്, തങ്ങൾക്ക് ചില വിശദാംശങ്ങൾ കേരള സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ടെന്നും, ആയതിനാൽ, തമിഴ്നാട് സർക്കാരിന്റെ അനുമതി കൂടാതെ, അട്ടപ്പാടി ജലസേചന പദ്ധതിയ്ക്ക് CWC യുടെ അനുമതി നൽകരുതെന്നും, CWC ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന്, അട്ടപ്പാടി ജലസേചന പദ്ധതിയിന്മേലുള്ള CWMA - യുടെ അഭിപ്രായം ആവശ്യമാണെന്ന് 29/11/2024 ന് CWC വീണ്ടും, കേരള സർക്കാരിനെ അറിയിക്കുകയുണ്ടായി.<br><br>കേരളം സമർപ്പിച്ച DPR - ലെ ചില സാങ്കേതികകാര്യങ്ങളിൽ വ്യക്തത വരുത്തുവാൻ CWC നിർദ്ദേശിച്ചതിനാൽ, ആയതിനുവേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൾ നേടിയെടുക്കുന്നതിനുള്ള നടപടികളും വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | അട്ടപ്പാടിയിലെ ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ കൃഷിക്കും ശുദ്ധജലത്തിനും വേണ്ടിയുള്ള പ്രസ്തുത പദ്ധതി പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | അട്ടപ്പാടി ജലസേചന പദ്ധതിയുടെ (AIP) ഭാഗമായുള്ള ഡാം പണിയുന്നതിന് മുന്നോടിയായി Environmental clearance, Forest clearance, wild life clearance തുടങ്ങിയ നിയമാനുസൃതമായ അനുമതികൾ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ (MoEF & CC) നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ആയതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അട്ടപ്പാടി ജലസേചന പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR), കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, കാവേരി വിധി നടപ്പിലാക്കുവാൻ നിയോഗിച്ചിട്ടുള്ള "കാവേരി വാട്ടർ മാനേജ്മെന്റ് അതോറിറ്റി (CWMA)" യുടെ പദ്ധതിയിന്മേലുള്ള അഭിപ്രായം ആവശ്യമാണെന്ന് കേന്ദ്ര ജല കമ്മീഷൻ (CWC) അറിയിക്കുകയുണ്ടായി.<br><br>ഇതിനെ തുടർന്ന്, വിശദമായ പദ്ധതി രേഖ (DPR), കാവേരി വാട്ടർ മാനേജ്മെന്റ് അതോറിറ്റി (CWMA) -യ്ക്ക് സമർപ്പിക്കുകയും, കേരള സർക്കാർ ആവശ്യപ്പെട്ട പ്രകാരം 04/04/2024 തീയതിയിലെ 29-ാം CWMA യുടെ യോഗത്തിൽ, "അട്ടപ്പാടി പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | വിശദമായ പദ്ധതി രേഖ (DPR) - ന്മേലുള്ള ചർച്ച" അജണ്ടയായി ഉൾപ്പെടുത്തുകയുമുണ്ടായി.<br><br>CWMA - യിലെ മറ്റ് പ്രതിനിധികളായ, തമിഴ്നാടിന്റെയും കർണാടകയുടെയും പുതിയ പദ്ധതികളിന്മേൽ CWMA സ്വീകരിച്ച തീരുമാനങ്ങൾ പോലെ തന്നെ, അട്ടപ്പാടി ജലസേചന പദ്ധതിയുടെ DPR ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി കേരളത്തിന് തിരികെ നൽകുവാൻ CWMA പ്രസ്തുത യോഗത്തിൽ തീരുമാനിയ്ക്കുകയുണ്ടായി.<br><br>ഈ വിവരങ്ങൾ കാണിച്ചു കൊണ്ട്, അനന്തര നടപടികൾക്കായി കേരളം CWC യെ സമീപിക്കുകയുണ്ടായി.<br><br>എന്നാൽ, 29-ാം CWMA - യുടെ യോഗത്തിന് ശേഷം, തമിഴ്നാട് സർക്കാർ 24/04/2024-ന്, അട്ടപ്പാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട്, തങ്ങൾക്ക് ചില വിശദാംശങ്ങൾ കേരള സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ടെന്നും, ആയതിനാൽ, തമിഴ്നാട് സർക്കാരിന്റെ അനുമതി കൂടാതെ, അട്ടപ്പാടി ജലസേചന പദ്ധതിയ്ക്ക് CWC യുടെ അനുമതി നൽകരുതെന്നും, CWC ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന്, അട്ടപ്പാടി ജലസേചന പദ്ധതിയിന്മേലുള്ള CWMA - യുടെ അഭിപ്രായം ആവശ്യമാണെന്ന് 29/11/2024 ന് CWC വീണ്ടും, കേരള സർക്കാരിനെ അറിയിക്കുകയുണ്ടായി.<br><br>കേരളം സമർപ്പിച്ച DPR - ലെ ചില സാങ്കേതികകാര്യങ്ങളിൽ വ്യക്തത വരുത്തുവാൻ CWC നിർദ്ദേശിച്ചതിനാൽ, ആയതിനുവേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൾ നേടിയെടുക്കുന്നതിനുള്ള നടപടികളും വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ